**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തലശ്ശേരി നഗരസഭയിൽ സൂപ്രണ്ടായ ശ്രീ.കെ പ്രദീപ്- പുസ്തകരചനയ്ക്ക് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 680/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 21.03.2019

പരാമർശം : 1. ശ്രീ.കെ പ്രദീപ് സമർപ്പിച്ച 30.08.2018 തീയതിയിലെ അപേക്ഷ.
2. നഗരകാര്യ ഡയറക്ടറുടെ 28.01.2019 തിയതിയിലെ ഇ 6- 20383/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലശ്ശേരി നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. കെ പ്രദീപ്, ജോലിക്ക് തടസ്സം വരാത്ത രീതിയിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി കൊട്ടാരക്കര ശ്രീധരൻനായരുടെ ജീവിതത്തെ ആസ്പദമാക്കി പുസ്തകം രചിക്കുന്നതിന്, അനുമതി നൽകുന്നതിലേക്കായി നഗരസഭാസെക്രട്ടറി മുഖേന സമർപ്പിച്ച അപേക്ഷ പരാമർശം 2 കത്ത് പ്രകാരം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം കേരള ഗവൺമെന്റ് സർവന്റ്സ് കോൺഡക്ട് റൂൾസിന്റെ(Kerala Government Servants Conduct Rules) ചട്ടം 48, ചട്ടം 62, ചട്ടം 63 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി, തലശ്ശേരി നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. കെ പ്രദീപ് എന്ന ജീവനക്കാരന്, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സം വരാത്തവിധം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി കൊട്ടാരക്കര ശ്രീധരൻനായരുടെ ജീവിതത്തെ ആസ്പദമാക്കി പുസ്തകം രചിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. കെ പ്രദീപ്, സൂപ്രണ്ട്, തലശ്ശേരി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ